15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1382 — 04-07-2022 - ൽ മറുപടിയ്ക്ക്

# പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കാൻ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം പത്താം ക്ലാസ് പരീക്ഷ വിജയിച്ച് ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണവും സർക്കാർ, എയ്ഡഡ് മേഖലയിൽ നിലവിലുള്ള പ്ലസ് വൺ സീറ്റുകളുടെ എണ്ണവും എത്രയാണെന്ന് അറിയിക്കുമോ; | (എ) | ഈ അദ്ധ്യയന വർഷം സംസ്ഥാനത്തിനകത്തു നിന്നും എസ്.എസ്.എൽ.സി പാസായ 4,21,957 (നാല് ലക്ഷത്തി ഇരുപത്തൊന്നായിരത്തി തൊള്ളായിരത്തി അമ്പത്തി ഏഴ്) വിദ്യാർത്ഥികൾ ആണ് ഉപരിപഠനത്തിന് കാത്തിരിക്കുന്നത്. മുൻവർഷം അനുവദിച്ച താൽക്കാലിക ബാച്ചുകൾ ഉൾപ്പെടെ ഹയർ സെക്കന്ററിയിലെ സർക്കാർ / എയ്ഡഡ് മേഖലയിൽ 3,75,715(മൂന്ന് ലക്ഷത്തി എഴുപത്തയ്യായിരത്തി എഴുനൂറ്റി പതിനഞ്ച്) സീറ്റുകൾ ഉണ്ട്. ഇതിനു പുറമേ അൺ എയ്ഡഡ് മേഖലയിൽ 56,366 (അൻപത്തിആറായിരത്തി മുന്നൂറ്റി അറുപത്താറ്) സീറ്റുകളും കൂടി ആകെ 4,32,081 (നാല് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എൺപത്തൊന്ന്) സീറ്റുകൾ ലഭ്യമാണ്.<br><br>അതോടൊപ്പം വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലയിൽ സർക്കാർ മേഖലയിൽ 21180 (ഇരുപത്തൊന്നായിരത്തി ഒരുനൂറ്റി എൺപത്) സീറ്റുകളും, എയ്ഡഡ് മേഖലയിൽ 11850 (പതിനൊന്നായിരത്തി എണ്ണൂറ്റി അമ്പത്) സീറ്റുകളും അടക്കം ആകെ 33030 (മുപ്പത്തിമൂവായിരത്തി മുപ്പത്) സീറ്റുകളും ലഭ്യമാണ്. |
| (ബി) | എല്ലാ കുട്ടികൾക്കും ഉപരിപഠനത്തിന് അവസരം നൽകണമെങ്കിൽ അറുപതിനായിരത്തിൽ അധികം പ്ലസ് വൺ സീറ്റുകൾ കൂടുതലായി വേണ്ടിവരുമെന്ന റിപ്പോർട്ടുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | മുൻ കാലങ്ങളിലെ അഞ്ച് വർഷത്തെ അപേക്ഷകരേയും പ്രവേശനത്തേയും വിശകലനം ചെയ്യുമ്പോൾ സംസ്ഥാനത്ത് പ്ലസ് വൺ സീറ്റുകൾക്ക് അപര്യാപ്തത ഉണ്ടാകുമെന്ന് കരുതുന്നില്ല. |
| (സി) | മലബാർ മേഖലയിൽ മാത്രം അമ്പതിനായിരത്തിൽ പരം സീറ്റുകൾ അധികമായി വേണ്ടി വരും എന്ന് അറിവായിട്ടുണ്ടോ ; മുൻവർഷം പ്ലസ് വൺ | (സി) | മലബാർ മേഖലയിൽ (പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകൾ) സർക്കാർ/ എയ്ഡഡ്/അൺ-എയ്ഡഡ് മേഖല ഉൾപ്പെടെ |

| | | | |
|---|---|---|---|
| | അഡ്മിഷൻ കാര്യത്തിലുണ്ടായതായി പറയപ്പെടുന്ന പ്രതിസന്ധികൾ കൂടി പരിഗണിച്ചുകൊണ്ട് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | | 209998(രണ്ട് ലക്ഷത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി എട്ട്) സീറ്റുകൾ ലഭ്യമാണ്. 226930 (രണ്ട് ലക്ഷത്തി ഇരുപത്താറായിരത്തി തൊള്ളായിരത്തി മുപ്പത്) മാത്രമാണ് എസ്.എസ്.എൽ.സി പാസ്സായിട്ടുള്ളത്. എസ്.എസ്.എൽ.സി പാസ്സായ എല്ലാ വിദ്യാർത്ഥികളും ഉപരിപഠനത്തിനായി ഹയർ സെക്കന്ററി തെരഞ്ഞെടുക്കുന്നില്ല. വി.എച്ച്.എസ്.ഇ, ഐ.റ്റി.ഐ, പോളിടെക്നിക് ഉടങ്ങിയ കോഴ്സുകൾക്ക് ചേരുന്ന വിദ്യാർത്ഥികളും ധാരാളമുണ്ട്. അങ്ങനെ നോക്കുമ്പോൾ മലബാർ മേഖലയിൽ പ്ലസ് വൺ സീറ്റുകൾക്ക് അപര്യാപ്തത ഉണ്ടാകുമെന്ന് കരുതുന്നില്ല.<br><br>എന്നിരുന്നാലും ആവശ്യമെങ്കിൽ കഴിഞ്ഞ വർഷത്തെപോലെ അധിക സീറ്റുകളും താൽകാലിക ബാച്ചുകളും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) | അർഹരായ എല്ലാ കുട്ടികൾക്കും ഉപരിപഠനത്തിനുള്ള അവസരം സൃഷ്ടിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | മലബാർ മേഖലയിൽ (പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകൾ) സർക്കാർ/ എയ്ഡഡ്/അൺ-എയ്ഡഡ് മേഖല ഉൾപ്പെടെ 209998(രണ്ട് ലക്ഷത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി എട്ട്) സീറ്റുകൾ ലഭ്യമാണ്. 226930 (രണ്ട് ലക്ഷത്തി ഇരുപത്താറായിരത്തി തൊള്ളായിരത്തി മുപ്പത്) മാത്രമാണ് എസ്.എസ്.എൽ.സി പാസ്സായിട്ടുള്ളത്. എസ്.എസ്.എൽ.സി പാസ്സായ എല്ലാ വിദ്യാർത്ഥികളും ഉപരിപഠനത്തിനായി ഹയർ സെക്കന്ററി തെരഞ്ഞെടുക്കുന്നില്ല. വി.എച്ച്.എസ്.ഇ, ഐ.റ്റി.ഐ, പോളിടെക്നിക് ഉടങ്ങിയ കോഴ്സുകൾക്ക് ചേരുന്ന വിദ്യാർത്ഥികളും ധാരാളമുണ്ട്. അങ്ങനെ നോക്കുമ്പോൾ മലബാർ മേഖലയിൽ പ്ലസ് വൺ സീറ്റുകൾക്ക് അപര്യാപ്തത ഉണ്ടാകുമെന്ന് കരുതുന്നില്ല.<br><br>എന്നിരുന്നാലും ആവശ്യമെങ്കിൽ കഴിഞ്ഞ വർഷത്തെപോലെ അധിക സീറ്റുകളും താൽകാലിക ബാച്ചുകളും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ